5

# “നമ്മുടെ പിതാവു”

എത്ര വിസ്തൃതവും, മഹത്തും, ശക്തവും ഭയങ്കരവുമായാണ് ബൈബിൾ ദൈവത്തെ വിവരിച്ചിരിക്കുന്നത്![1] അവൻ വലിയ സൃഷ്ടി കർത്താവും സകലത്തെയും നിർമ്മിച്ചവനും എന്നായിരുന്നു എനിക്കു ദൈവത്തെക്കുറിച്ചുള്ള മതിപ്പു, അതു അമ്മയിൽ നിന്നുലഭിച്ചതാണ്, ഒരു പക്ഷെ നിങ്ങൾക്കും അതു ലഭിച്ചിരിക്കാം. പിന്നീടു ഞാൻ വായിച്ചു:

> പർവ്വതങ്ങളെ നിർമ്മിക്കയും, കാറ്റിനെ സൃഷ്ടിക്കയും മനുഷ്യനോടു അവന്റെ നിരൂപണം, ഇന്നതെന്നു അറിയിക്കയും പ്രഭാതത്തെ അന്ധകാരമാക്കുകയും ഭൂമിയുടെ ഉന്നതികളിന്മേൽ നടകൊള്ളുകയും ചെയ്യുന്ന ഒരുത്തനുണ്ട്. സൈന്യങ്ങളുടെ ദൈവമായ യഹോവ എന്നാകുന്നു അവന്റെ നാമം (ആമോസ് 4:13).

അവന്റെ ഉയർന്ന കഴിവുകൾ നമ്മെ അതിശയിപ്പിക്കും: “അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു, ...” (റോമർ 1:20) അങ്ങനെയുള്ള ദൈവ മുമ്പാകെ നാം വിസ്മയിച്ചു പോകും.

എന്റെ അമ്മയിൽ നിന്നു ആദ്യവും പിന്നെ തിരുവെഴുത്തിൽ നിന്നും ഞാൻ മനസ്സിലാക്കിയ മറ്റൊരു കാര്യം, ദൈവം സൃഷ്ടി കർത്താവു മാത്രമല്ല, “ദൈവം, എല്ലാവരുടേയും ന്യായാധിപതിയും” ആണ് എന്നതാണ് (എബ്രായർ 12:23). എല്ലാ പ്രവൃത്തികളും അവൻ ന്യായവിസ്താരത്തിലേക്കു വരുത്തും, പരസ്യമായതും, രഹസ്യ മായതും, നല്ലതും മോശമായതും (സഭാപ്രസംഗി 12:14). അതുകൊണ്ടു, യഹോവയെ ഭയപ്പെടുവാനുള്ള വചനം നാം കേൾക്കയാലും (2 കൊരി ന്ത്യർ 5:11) ന്യായവിധി തീർച്ചയുള്ളതാകയാലും, മനുഷ്യരായ നാം അവന്റെ മുമ്പിൽ വിറയലോടെ നിൽക്കും.

### നാം അവന്റെ ബന്ധുക്കളാണ്

എങ്ങനെയായാലും, ദൈവം പരിധിയില്ലാത്ത ശക്തിയുള്ളവനാണ്, അവൻ എല്ലാവരുടേയും ന്യായാധിപതിയാണ് എന്നതിനേക്കാൾ പ്രിയ മേറിയതും വിലയേറിയതുമാണ് അവൻ നമ്മുടെ പിതാവാണ് എന്നത്. അവൻ പിതാവാണെങ്കിൽ, അവനു നാം ബന്ധുക്കളാകുകയും നമ്മെ കരുതുകയും ചെയ്യുന്നു. മൃഗങ്ങളല്ല, മനുഷ്യരാണ് ദൈവസാദൃ ശ്യത്തിൽ സൃഷ്ടിക്കപ്പെട്ടത് (യാക്കൊബ് 3:9). അവന്നു നമ്മോടുള്ള

താല്പര്യം നിമിത്തം ദൈവം ക്രിസ്തുവിനോടു പറഞ്ഞു, "നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശപ്രകാരം മനുഷ്യനെ ഉണ്ടാക്കുക'' (ഉല്പത്തി 1:26). ഈ ആകർഷണീയ ചിന്ത പരിണാമ സിദ്ധാന്തക്കാർക്ക് ആസ്വദിക്കാനാവുകയില്ല, കാരണം അവർ വിചാരിക്കുന്നതു മനുഷ്യൻ മറ്റൊരു മൃഗത്തിൽ നിന്നുണ്ടായി എന്നാണ്. "ദൈവത്തേക്കാൾ അല്പം താഴ്ത്തിയാണ്" മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതു എന്നാണ് ബൈബിൾ വിശ്വസിച്ചിരിക്കുന്നവരുടെ ചിന്ത (സങ്കീർത്തനങ്ങൾ 8:5; ഏഎസ്വി), മനുഷ്യൻ "ആത്മാക്കളുടെ പിതാവിന്റെ" സന്തതിയുമാണ് (എബ്രായർ 12:9). സൃഷ്ടിത്വത്തിൽ എല്ലാ മനുഷ്യരും ദൈവത്തിന്റെ മക്കളും, മനുഷ്യർക്കെല്ലാവർക്കും ഏക പിതാവും ആണുള്ളത് (ഉല്പത്തി 6:2; ലൂക്കൊസ് 3:38; പ്രവൃത്തികൾ 17:26).

നമ്മുടെ, പൂർവ്വികരും താഴെ നിന്നല്ല, സ്വർഗ്ഗത്തിൽ നിന്നാണ്, എന്ന ചിന്ത ഉത്സാഹിപ്പിക്കുന്നത് എങ്കിലും ഒരാൾ സൃഷ്ടിത്വത്താൽ ദൈവ മകൻ ആയിരിക്കയും സുവിശേഷത്താൽ ദൈവമകൻ ആകാതിരിക്കയും ചെയ്യുന്നത് അവനെ മൃഗങ്ങളേക്കാൾ തരംതാഴ്ത്തുന്നു. താഴ്ന്ന മൃഗങ്ങൾ ചാകുന്നതോടെ ഒന്നുമല്ലാതാകുന്നു; എന്നാൽ മനുഷ്യരിൽ മരിക്കാത്തചിലരുണ്ട്, അതു നിത്യാഗ്നിയിലേക്കു പോകും. ദൈവ സാദൃശം വഹിക്കുവാനുള്ള ഭാഗ്യം ലഭിക്കുകയും, എന്നാൽ പിതാവിനെ അനുസരിക്കാതിരിക്കയും ചെയ്യുന്നവർ ജനിക്കാതിരുന്നെങ്കിൽ നന്നായിരുന്നു: സൃഷ്ടിയാലും പുതിയ സൃഷ്ടിയായിത്തീരുന്നതിനാലും ഒരാൾ ശരിയാവുന്നു. ഭൗതിക മാതാപിതാക്കളാൽ ഒരു ശിശുജനിക്കുന്നു, എന്നാൽ പ്രായപൂർത്തിയാകുമ്പോൾ വീണ്ടും ജനിക്കണം (യോഹന്നാൻ 3:3). അയാൾ കർത്താവായ ക്രിസ്തുവിൽ ''പുതിയ സൃഷ്ടിയായിതീരണം'' (2 കൊരിന്ത്യർ 5:17). ''ആമേൻ, ആമേൻ," ഞാൻ നിങ്ങളോടു പറയുന്നു. കർത്താവു പറയുന്നു, "... ഒരാൾ[2] വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ? ദൈവ രാജ്യത്തിൽ പ്രവേശിപ്പാൻ സാധ്യമല്ല" (യോഹന്നാൻ 3:5; കെജെവി).

### അവനു നാം വിലയേറിയവർ

നിങ്ങളുടെ ഹൃദയത്തിലെ നിരൂപണം നന്നായി അറിയുന്നവനായ യേശു തന്റെ ശിഷ്യന്മാർ അതേ രീതിയിൽ ദൈവത്തെ അറിയുവാൻ താല്പര്യപ്പെടുന്നു. ഒരു ഭൗതിക പിതാവു തന്റെ മക്കൾക്കു അപ്പം നല്കുവാൻത്യാഗം അനുഷ്ഠിക്കുന്നു എങ്കിൽ, "... സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു ചോദിക്കുന്നവർക്കു എത്ര അധികം നല്കും!" (മത്തായി 7:11). അവൻ, പരിധിയില്ലാത്തവനായതുകൊണ്ട്, എന്നേക്കാൾ കൂടുതൽ എന്നെക്കുറിച്ചു അറിയുന്നവനും എന്റെ തലയിലെ മുടിപോലും എണ്ണുകയും ചെയ്തിരിക്കുന്നു (ലൂക്കൊസ് 12:7). കുരികിലിനെ പോലും മറക്കാത്തവൻ തന്റെ മക്കൾക്കു ഉറപ്പു നല്കുന്നു, "ആകയാൽ ഭയപ്പെടേണ്ട; ഏറിയ കുരികിലിനേക്കാളും നിങ്ങൾ വിശേഷതയുള്ളവർ" (ലൂക്കൊസ് 12:7).

ഏഴു മക്കളുടെ അമ്മ പറഞ്ഞു, ''എന്റെ മക്കൾ എല്ലാവരും എനിക്കു വിലയേറിയവരാണ്'' മാനുഷ രക്ഷ കർത്താവു

സ്നേഹമുള്ളവനാണ്, പരിമിതിയില്ലാത്ത പിതാവു എത്രയധികം സ്നേഹിക്കുന്നവനാണ്! എന്നെ അവൻ താല്പര്യത്തോടെ കാക്കുന്നു, അതേ സമയം അവൻ ലോകത്തിന്റെ മറുവശത്തുള്ള ആളെയും കരുതുന്നവനാണ് ഇപ്പോൾ ജീവിക്കുന്ന ആറു ശതകോടി ആളുകളുടെ പേരുകൾ പോലും അവന്നറിയാം, കൂടാതെ ആത്മിയ ലോകത്തുള്ള അധികം ആത്മാക്കളെയും അവൻ അറിയുന്നു. ആത്മാക്കൾ അൾത്താരയിൽ (ഉപദ്രവങ്ങളിൽ) ആയിരിക്കുമ്പോൾ അവൻ അറിയുന്നു, അവരുടെ നിലവിളി കേൾക്കയും ചെയ്യുന്നു (വെളിപ്പാട് 6:9, 10). ആറുദശകോടിയിലധികം വരുന്ന ദൈവ സാദൃശത്തിലുള്ളവർക്കു ഒരേ സമയത്ത് അവനോട് കരഞ്ഞ പേക്ഷിക്കാം; എല്ലാവരേയും കേൾക്കുവാൻ അവന്നു ബുദ്ധിമുട്ടില്ല. ഇല്ല, അവൻ-ക്ഷമയോടെ ഓരോരുത്തരേയും കേൾക്കുന്നു അതു ഒരു വ്യക്തിയേയുള്ളു എന്ന നിലയിൽ തന്നെ.

### നമുക്കു അവനോടു ഉത്തരവാദിത്വമുണ്ട്

തീർച്ചയായും, ആത്മാർത്ഥതയില്ലാതെ പ്രാർത്ഥിക്കുന്നവരുടെ പ്രാർ ത്ഥന പിതാവുകേൾക്കുകയില്ല. ദൈവ നിയമത്തിൽ നിന്നും അകന്നു പോകുന്നവരുടെ പ്രാർത്ഥനയും കേൾക്കാത്തവണ്ണം മ്ലേഛമാണ് (സദൃശവാക്യങ്ങൾ 28:9). കർത്താവിന്റെ കണ്ണ് നീതിമാന്മാരുടെ മേലും, അവന്റെ ചെവി അവരുടെ പ്രാർത്ഥനക്കും തുറന്നിരിക്കും; എന്നാൽ കർത്താവിന്റെ മുഖം ദുഷ്പ്രവൃത്തിക്കാർക്കു പ്രതികൂലമായി രിക്കുന്നു (1 പത്രൊസ് 3:12). ശരിയായി ജീവിച്ചു അവനോടു സംസാരി ക്കുന്നതിൽ, മടുത്തു പോകാതെ പ്രാർത്ഥിക്കുവാൻ അവൻ പറഞ്ഞി ട്ടുണ്ട് (ലൂക്കൊസ് 18:1).

ഭൗതിക പിതാവായാലും സ്വർഗ്ഗീയ പിതാവായാലും കുട്ടി നിന്നു "നന്ദി" എന്നു പറയുമ്പോൾ അതിൽ പ്രസാദിക്കുന്നു. ഞാൻ എന്റെ അപ്പനോടു സംസാരിക്കാതെ പുറത്തുപോയാൽ അപ്പന്റെ ഹൃദയം വേദ നിക്കും, അവനോടു സംസാരിക്കാതെ, അവന്റെ കരുതലും വിശ്വാ സവും കണക്കിലെടുക്കാതെ ദിവസത്തിലെ പ്രവൃത്തികൾക്കായി പോയാൽ അതു അവനെ ദു:ഖിപ്പിക്കും. നിങ്ങൾക്കു, യേശുവിനെ പോലെ (മർക്കൊസ് 1:35), നിങ്ങളെ സഹായിക്കുന്ന പിതാവുമായി രഹസ്യ സംഭാഷണം നടത്താതെ ജീവിക്കുവാൻ സാധ്യമല്ല എന്നു പിതാവുകാണുമ്പോൾ, അവൻ സന്തോഷിക്കും. നിങ്ങൾ ഒരു നിർജ്ജന സ്ഥലത്തായിരിക്കുമ്പോഴോ, അല്ലെങ്കിൽ തോട്ടത്തിൽ നടക്കുമ്പോഴോ, അപ്പോഴും റോസാപുഷ്പങ്ങളിൽ "മഞ്ഞുതുള്ളികൾ തങ്ങി നില്ക്കു ന്നുണ്ടാകും"[3] പിതാവിനോടു സംസാരിച്ചാൽ ആ ദിവസത്തെ പ്രവൃത്തി നിനക്കു എളുപ്പമായിരിക്കും, സാത്താനു നിന്നെ എളുപ്പ ത്തിൽ പിടിക്കുവാൻ സാധ്യമല്ല "... നിന്റെ നാളുകൾ, നിന്റെ നടപ്പി നനുസരിച്ചായിരിക്കും" (ആവർത്തന പുസ്തകം 33:25). ദാനിയേലിനെ പോലെ, നിങ്ങളും, മദ്ധ്യാഹ്ന സമയത്ത് ഇരുന്നു ദൈവത്തോടു ചേർന്നുകഴിയുമ്പോൾ നിങ്ങൾ അവന്റെ ബന്ധുവായാൽ കൂടുതൽ ക്ഷമയോടെ നിങ്ങളുടെ പ്രവൃത്തികൾ ചെയ്യാം. വൈകുന്നേരം, നിങ്ങളുടെ അപ്പത്തിനും കിടക്കക്കും, കുടുംബത്തിനും, സ്നേഹിത

ന്മാർക്കും, കരുണയും, സംരക്ഷണത്തിനും ശുദ്ധീകരണത്തിനും എല്ലാം നന്ദി പ്രകാശിപ്പിക്കുവാൻ മറക്കരുത്; അങ്ങനെ രക്ഷയുടെ സന്തോഷം നിനക്കു തിരികെ തരും, നിദ്ര ഗാഢവും സമാധാനത്തോടും കൂടെ ആയിരിക്കും.

## അവനോടുകൂടെ നമുക്ക് ഒരു സദസ്സ് ഉണ്ട്

നിങ്ങൾക്കു ഒരു പിതാവുണ്ട്. അവൻ *നിങ്ങളുടെ* പിതാവാണ്. മനുഷ്യരായ നമുക്കു ഏറ്റവും ഉയർന്ന ദൈവത്തോടു സംസാരിക്കുവാനുള്ള നേട്ടമുണ്ട്, അവൻ സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായ സ്വർഗ്ഗീയ പിതാവാണ്. പിന്നെ നാം എന്തിനു മറ്റാരോടെങ്കിലും പ്രാർത്ഥിക്കുവാൻ പരീക്ഷിക്കപ്പെടണം? ദശലക്ഷക്കണക്കിനു കുട്ടികളെ മറിയയോടും വിശുദ്ധന്മാരോടും പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നതു ഖേദകരമത്രെ. ദൂതന്മാർക്കു പോലും വ്യത്യാസം വരുത്തിയിട്ടില്ല. ദൂതന്മാർക്കു പോലും അനാവശ്യമായ വ്യത്യാസമില്ല (മത്തായി 4:10; കൊലൊസ്യർ 2:18; വെളിപ്പാട് 22:8, 9), അവർ മനുഷ്യരേക്കാൾ കുറവുള്ളവരാണ് (പ്രവൃത്തികൾ 10:25, 26; 14:15). മറിയയോടു പ്രാർത്ഥിക്കുന്നവർ ആരാധിക്കുകയും സേവിക്കുകയും ചെയ്യുന്നത്, "സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെയാണ്" (റോമർ 1:25). ഒരു മനുഷ്യൻ തന്റെ സ്നേഹിതനോടു സംസാരിക്കുന്നതുപോലെ നമുക്കു ദൈവത്തോടു സംസാരിക്കുവാൻ കഴിയുന്നതിൽ സന്തോഷിക്കാം, പരിശുദ്ധാത്മാവും നമുക്കു തുണ നില്ക്കും (റോമർ 8:26, 27). നമുക്കുവേണ്ടി പക്ഷവാദം ചെയ്‌വാൻ യേശുവുമുണ്ട് (1 യോഹന്നാൻ 2:1).

"ദൗ" എന്നു സംബോധന ചെയ്യുന്നതിനേക്കാൾ കൂടുതൽ അടുപ്പം ദൈവത്തെ "യു" എന്നു സംബോധന ചെയ്യുമ്പോഴാണ് എന്നു ചിലർ പറഞ്ഞു കേൾക്കുന്നുണ്ട്. ''ദൗ'' എന്നതു പ്രസക്തമാക്കുന്നതു അതിന്റെ കാലപ്പഴക്കത്തിലാണ്; സാധാരണ വാക്കുകളേക്കാൾ മുൻപുണ്ടായിരുന്ന ഭാഷക്കു കൂടുതൽ ബഹുമാനമില്ല. ഇല്ല, പിതാവിനു നിങ്ങളോടു കൂടെ നടക്കാൻ കഴിയുന്നില്ലെങ്കിൽ നിങ്ങൾക്കു ദൈവത്തോടു അടുക്കാൻ സാധ്യമല്ല. പാപത്തിൽ പ്രവേശിക്കുന്നതിനു മുൻപു ആദാമിന്റെ ചിന്ത ഏദെൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ തണലിൽ ആയിരുന്നു (ഉല്പത്തി 3:8 ൽ അന്തർലീനമായിരിക്കുന്നത്). മനുഷ്യനു ദൈവത്തിൽ നിന്നകന്നു പോകുവാനും ശിക്ഷിക്കപ്പെടുവാനും ഇടയുണ്ട്. എങ്ങനെയായാലും, അടുപ്പത്തിന്റെ കാര്യത്തിൽ, നാം ദൈവത്തോടു അടുക്കണം, കാരണം നാം അവന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ്. നമ്മുടെ അഗാധചിന്തയോടെ നമുക്ക് അവന്റെ അടുക്കൽ പോകാം; നമ്മെക്കുറിച്ചു എല്ലാം അവനു അറിയാം. നമ്മുടെ ജീവിതം അവന്റെ കൃപയിലും, മഹത്വത്തിലും, പുകഴ്ച്ചയിലും ആകണം.

## നമുക്കു അവന്റെ ശ്രദ്ധയും കരുതലുമുണ്ട്

ഞാൻ ജീവിതത്തിൽ പലപ്പോഴും പിറുപിറുക്കുകയും വൈപരീത്യങ്ങളിൽ പരാതിപ്പെടുകയും ചെയ്യുമ്പോൾ, നിരന്തരമായി മോശമായ പെരുമാറ്റങ്ങൾ നേരിട്ട യോസേഫിനെക്കുറിച്ചു വിചാരി

ക്കുമ്പോൾ എനിക്കു ലജ്ജ തോന്നും. അവന്നു സംഭവിച്ചതിലെല്ലാം പിതാവിന്റെ കയ്യുണ്ടായിരുന്നു. യോസേഫിന്റേയും എന്റേയും പിതാവു അവന്റേയും എന്റേയും വിചാരങ്ങൾ ഒക്കെ ഏറ്റുകൊള്ളും. കാരണം അവൻ നമ്മെ കാത്തുകൊള്ളും (1 പത്രൊസ് 5:7). ഞാൻ മുറുമുറു ക്കുവാൻ പരീക്ഷിക്കപ്പെടുമ്പോൾ, അവൻ സൗമൃതയോടെ ശാസിക്കും, മകനെ ചിലപ്പോൾ ശിക്ഷിക്കേണ്ടിവരും എന്നകാര്യം "നീ മറന്നു പോയി" (എബ്രായർ 12:5 നോക്കുക). പഴയ നിയമത്തിലും പുതിയ നിയമത്തിലും മനസ്സിലാക്കുവാൻ അവൻ എന്നോടു അപേക്ഷിക്കുന്നു, ''മകനേ കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുതു, കർത്താവു താൻ സ്നേഹി ക്കുന്നവനെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനേയും തല്ലുന്നു" (എബ്രായർ 12:5, 6).

ഞാൻ എന്റെ ഭൗതിക പിതാവിനോടു (ചിലപ്പോൾ കരഞ്ഞിട്ടും) യാചിച്ച ചില അവസരങ്ങളിൽ അവ അദ്ദേഹം നിഷേധിച്ചിട്ടുണ്ട്. അവ എനിക്ക് നന്നല്ല എന്ന് അദ്ദേഹത്തിനു അറിയാമായിരുന്നു. ചിലപ്പോൾ സ്വർഗ്ഗീയ പിതാവും എന്നെ സ്നേഹിക്കകൊണ്ട്, ഞാൻ യാചിക്കുന്നതു നല്കാറില്ല. ഏറ്റവും നല്ലതു അവനറിയാം. ഞാൻ പ്രായമായി അവന്റെ മുമ്പിൽ നില്ക്കുമ്പോഴും ഭയത്തോടു കൂടെയാണ് നില്ക്കുന്നത്. നാം അവന്റെ കല്പനകൾ പ്രമാണിച്ചു, അവന്റെ ഹിതപ്രകാരം അപേ ക്ഷിച്ചാൽ അവൻ നമ്മുടെ പ്രാർത്ഥനക്കു മറുപടി തരാതിരിക്കയില്ല (1 യോഹന്നാൻ 3:22). നിങ്ങൾ ഒരു കാര്യം വീണ്ടും വീണ്ടും ചോദിച്ചിട്ടും അവൻ നിരസിക്കുകയാണെങ്കിൽ അപ്പൊസ്തലനായ പൗലൊസ്, തന്റെ ജഡത്തിലെ ശൂലം നീങ്ങി പോകേണ്ടതിനു പ്രാർത്ഥിച്ചതു ഓർമ്മി ക്കുക (2 കൊരിന്ത്യർ 12:8, 9). നല്ലതൊന്നും ദൈവം തരാതിരിക്കയില്ല എന്നു വിശ്വാസ്യ വചനം ഉറപ്പുനല്കുന്നു (സങ്കീർത്തനങ്ങൾ 84:11). നിങ്ങളുടെ യാചന നിരസിച്ചതു നിങ്ങൾക്കു എങ്ങനെയും നന്മക്കായി വ്യാപരിക്കും എന്നു അറിയുവാൻ അവൻ ആഗ്രഹിക്കുന്നു.

യേശുവിനെ പോലെ, നിങ്ങളും, ''ഉറച്ചനിലവിളിയോടും കണ്ണുനീരോടും കൂടെ പ്രാർത്ഥനയും അഭയയാചനയും കഴിക്കുക" (എബ്രായർ 5:7). ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്ത പരമായി ചെയ്വാൻ കഴിവുള്ളവനോടാണ് അപേക്ഷിക്കുന്നത് (എഫെ സ്യർ 3:20), നിങ്ങൾ ആവശ്യപ്പെടുന്ന ചിലതു നല്കാതെ നിങ്ങളെ നിരാശപ്പെടുത്തുവാൻ അവൻ ആഗ്രഹിക്കുന്നില്ല. ഒരു പക്ഷെ നിങ്ങൾ ചോദിക്കുന്നത് തന്നാൽ അതു മറ്റുള്ളവർക്കു ഗുണം ചെയ്യുകയില്ല. യഹോവയുടെ കണ്ണു ഭൂമിയിൽ. എല്ലായിടവും ഊടാടിക്കൊണ്ടി രിക്കുന്നു (2 ദിനവൃത്താന്തം 16:9), അവ നിത്യതയിലേക്കും നോക്കി പാർക്കുന്നു. യേശു കഷ്ടത ഏല്ക്കുന്നതു കാണുവാൻ അവന്റെ പിതാവു ഇഷ്ടപ്പെട്ടിരുന്നില്ല. യേശുവിന്റെ പിതാവു നിങ്ങളുടേയും പിതാവാണ്, നിങ്ങൾക്കു സഹിക്കാൻ കഴിയാത്തതു അവൻ കാണു ന്നുണ്ട്. അവൻ നിങ്ങളെയും എന്നേയും കാണുകയും, കരുതുകയും ചെയ്യുന്നതുകൊണ്ട്, ദൈവം തന്റെ ഏകജാതനെ തകർത്തുകള യുവാൻ മനസ്സു കാണിച്ചു (യെശയ്യാവു 53:10 നോക്കുക). അതു

കൊണ്ട് എല്ലായ്പ്പോഴും പിതാവിനെ പ്രസാദിപ്പിച്ചവന്റെ അപേക്ഷ അപ്പോൾ നിരാകരിച്ചു (യോഹന്നാൻ 8:29). നിങ്ങളുടെ ആവശ്യം തുടർച്ചയായി നിരസിക്കപ്പെടുമ്പോൾ നിങ്ങൾ ഏകജാതനേക്കാൾ ഒട്ടും മെച്ചമല്ല എന്നോർക്കുക.

**അവന്റെ വിശ്വസ്തത നമുക്കുണ്ട്**

നിങ്ങളിൽ തന്നിരിക്കുന്ന ഉപനിധി അവസാനത്തോളം കാത്തുകൊൾവാൻ സർവ്വശക്തനായ പിതാവു നിങ്ങൾക്ക് ഉണ്ട് (2 തിമൊഥെയൊസ് 1:12). ആ നിത്യാനുഗ്രഹം ഉറപ്പിക്കുന്നതിനു തന്നെ സ്നേഹിക്കുന്നവർക്കു ദൈവം സകലതും നന്മക്കായി വ്യാപരിക്കുമാറാക്കും (റോമർ 8:28). നിങ്ങളുടെ ജീവിത സന്ദർഭങ്ങൾ എങ്ങനെ സകലവും നന്മക്കായി പ്രവർത്തിക്കും? ആ ചോദ്യത്തിനുള്ള ഉത്തരത്തിനായി നിങ്ങൾ വ്യാകുലപ്പേടേണ്ട. നിങ്ങൾ ചെയ്യേണ്ടതു, സംശയിക്കാതെ വിശ്വസിക്കുക എന്നതാണ്. അവൻ പറഞ്ഞതുപോലെ പ്രവർത്തിക്കും. ദൈവം വിശ്വസ്തനാണ്. ആ വിശ്വാസത്താൽ ദൈവ വാഗ്ദാനത്തെ മറന്നുകളയാതെ, പിതാവായ ദൈവത്തിനു മഹത്വം കൊടുത്തു വിശ്വാസത്തിൽ വളർന്നു ശക്തരാവുക (റോമർ 4:20).

നിങ്ങൾക്കു നേരിടുന്ന കുഴപ്പങ്ങൾ, അസഹനീയമായി തോന്നിയാലും, പ്രതികൂലങ്ങൾ വർഷങ്ങളോളം കുന്നുകൂടിയാലും, വിശ്വാസവും പ്രത്യാശയും അന്ത്യത്തോളം കാത്തു മരണപര്യന്തം വിശ്വസ്തരായിരിക്കുക.

**നമുക്ക് അവന്റെ രക്ഷയുണ്ട്**

വ്യക്തിപരമായി (വ്യക്തിപരമായും പ്രത്യേകമായും ഉള്ള കരുണ) സകലവും അവൻ നന്മക്കായി പ്രവർത്തിക്കുമ്പോൾ, സാത്താൻ നമ്മോടു കൂടുതൽ അടുക്കാതെ ദൈവം തടുക്കും. നമ്മുടെ കഴിവിനപ്പുറം പരീക്ഷണത്തെ അവൻ അനുവദിക്കയില്ല, അതേ സമയം പരീക്ഷണത്തോടൊപ്പം അതിൽ നിന്നു രക്ഷപ്പെടുവാനുള്ള വഴിയും അവൻ ഒരുക്കും (1 കൊരിന്ത്യർ 10:13).

നിങ്ങളുടെ പിതാവു എല്ലാവരിലും വലിയവനാണ്, അവന്റെ കയ്യിൽ നിന്നു മനുഷ്യരോ, പിശാചോ നിങ്ങളെ പിടിച്ചു പറിക്കയില്ല (യോഹന്നാൻ 10:28, 29). നിങ്ങളുടെ നല്ല പിതാവു നിങ്ങളെ എന്നേക്കും തള്ളിക്കളയാവുന്ന വിധത്തിലും നിങ്ങൾക്കു ജീവിക്കാം. (1 ദിനവൃത്താന്തങ്ങൾ 28:9), പക്ഷെ അതു നിങ്ങളുടെ തെറ്റു കൊണ്ടായിരിക്കും. നിങ്ങൾ സ്വർഗ്ഗത്തിൽ പോകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ അവൻ നിങ്ങളെ സൂക്ഷിച്ചു തന്റെ മഹിമാ സന്നിധിയിൽ ആനന്ദത്തോടെ നിറുത്തുവാൻ ശക്തൻ തന്നെ (യൂദാ 24). "നീ ആണ് കാരണം" എന്നു ദൈവത്തെ നോക്കി ഇടത്തുവശത്തേക്കു മാറ്റി എന്നേക്കും ശിക്ഷിക്കപ്പെടുന്നവർക്കു പറയാൻ സാധ്യമല്ല. ഇല്ല, നാം തെറ്റു ചെയ്യുമ്പോൾ, അതവനെ വ്യണപ്പെടുത്തും. നല്ലവനും നീതിമാനുമായ ദൈവം നമ്മെ രക്ഷിച്ചു അവനോടു ആയിരിക്കുവാൻ വേണ്ടതെല്ലാം ചെയ്തു.

അവരോട് പറക, “ഞാൻ ജീവിക്കുന്നതുകൊണ്ട്!” യഹോവ അരുൾ ചെയ്യുന്നു പോക, “ദുഷ്ടന്റെ മരണത്തിൽ അല്ല, ദുഷ്ടൻ തന്റെ വഴി വിട്ടു തിരിഞ്ഞു ജീവിക്കുന്നതിൽ അത്രേ എനിക്കു ഇഷ്ടമുള്ളതെന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്, നിങ്ങളുടെ ദുർമാർഗ്ഗങ്ങളെ വിട്ടു തിരിവിൻ, തിരിവിൻ നിങ്ങൾ എന്തിനു മരിക്കുന്നു എന്നു അവരോടു പറക” (യെഹസ്കേൽ 33:11).

എല്ലാവരും രക്ഷിക്കപ്പെടുവാനാണ് പിതാവു ഇഛിക്കുന്നത് (1 തിമൊഥെയൊസ് 2:4). ആരും നശിച്ചു പോകുന്നതു ദൈവത്തിനിഷ്ടമല്ല (2 പത്രൊസ് 3:9). ഭൗതിക പിതാവിന്നു തന്റെ മക്കളിൽ മനസ്സലിവുള്ളതുപോലെ സ്വർഗ്ഗസ്ഥനായ പിതാവിനും തന്നെ ഭയപ്പെടുന്നവരോടു മനസ്സലിവുണ്ട്. കാരണം നമ്മുടെ ബലഹീനതകളെ അവൻ അറിയുന്നു, നാം പൊടി എന്നും അവൻ ഓർക്കുന്നു (സങ്കീർത്തനങ്ങൾ 103:13). “അവൻ മനസ്സലിവും കരുണയും നിറഞ്ഞവൻ'' (യാക്കൊബ് 5:11), “അവൻ കരുണയും ദീർഘ ക്ഷമയുമുള്ളവനാകയാൽ കോപം സംഗ്രഹിച്ചുവെക്കയില്ല'' (സങ്കീർത്തനങ്ങൾ 103:8).

**ഉപസംഹാരം**

അവന്റെ കൃപയാൽ, നമുക്കു അവന്റെ ഭവനത്തിൽ പ്രവേശിക്കുവാനും, അവന്റെ പരിശുദ്ധാത്മാവു ലഭിച്ചു ''നമ്മുടെ പിതാവേ'' എന്നു അവനോടു പ്രാർത്ഥിക്കുവാൻ നമുക്കു കഴിയും, അതു അ - ക്രൈസ്തവർക്കു കഴിയുകയില്ല. ''അബ്ബാ! പിതാവേ!'' എന്നു വാസ്തവത്തിൽ വിളിക്കാൻ കഴിയുന്നതു അവനോടു ചേരുവാൻ സ്നാനപ്പെട്ടവർക്കാണ് (ഗലാത്യർ 4:6). നിങ്ങൾക്കു വാസ്തവത്തിൽ, ''അബ്ബാ! പിതാവേ!'' എന്നു പറയുവാൻ കഴിയുമെങ്കിൽ നിങ്ങൾ പിശാചിന്റെ മകനോ, പാപത്തിന്റെ ദാസനോ അല്ല, “ദൈവമകൻ ആണ്; മകൻ ആണെങ്കിൽ ദൈവത്തോടുകൂടെ അവകാശിയും ആണ്'' (ഗലാത്യർ 4:7). ഒരു പ്രഭുവിനു അല്പം ശങ്കയോടെയേ സന്തോഷമുണ്ടെങ്കിലും വരുവാൻ കഴിയൂ, പക്ഷെ ഒരു മകനു കൂടുതൽ സന്തോഷത്തോടെ രാജാവിന്റെ അടുക്കൽ വരാം! “വരുവിൻ, നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു'' (1 യോഹന്നാൻ 3:1).

നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, പറയുക, “നമ്മുടെ പിതാവേ.”

---

കുറിപ്പുകൾ

[1]ഈ പാഠങ്ങൾ *ശിഷ്യന്മാരുടെ പ്രാർത്ഥന*, യേശുതന്റെ ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ച ഭാഗമായ മത്തായി 6:5-9-ൽ നിന്നെടുത്തതാണ്, നമ്മുടെ

സ്വർഗ്ഗീയ പിതാവിനെപ്പറ്റി വലിയ സത്യങ്ങൾ സഹോദരൻ മെക്കോർഡ് നല്കുന്നുണ്ട്. [2]“ഒരു മനുഷ്യൻ” സ്വാഭാവിക ജനനത്താൽ ദൈവ മകനായി തീരുന്നുണ്ട്, പക്ഷെ അത്തരം പുത്രത്വം അപര്യാപ്തമത്രേ. [3]സി. ആസ്റ്റിൻ മൈതാസ്, “കംറ്റു ദ ഗാർഡൻ എലോൺ,” *സോങ്ങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്*, ഗോഡ്, ആന്റ് ആൾട്ടൻ എച്ച്. ഹോവാർഡ് (വെസ്റ്റ് മോൺറോ എൽ, എ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1996).

© 2009 Truth for Today